**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3282** **25-10-2021 - ൽ മറുപടിയ്ക്ക്**

**റവന്യൂ വകുപ്പിലെ ഇ-പേമെന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | റവന്യൂ വകുപ്പിന്റെ ഇ-പേമെന്റ് ഉൾപ്പെടെയുള്ള ഡിജിറ്റൽ സേവനങ്ങളിൽ പോരായ്മകൾ ഉണ്ടോ; വ്യക്തമാക്കുമോ; | (എ) | റവന്യൂ വകുപ്പിന്റെ ഇ-പേമെന്റ് ഉൾപ്പെടെയുള്ള ഡിജിറ്റൽ സേവനങ്ങളിൽ നിലവിൽ എന്തെങ്കിലും പോരായ്മകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്മാർട്ട് ഫോണുകളിലെ അടിസ്ഥാന സേവനങ്ങൾ ഉപയോഗിക്കുവാൻ കഴിയുന്നവർക്ക് അനായാസം കൈകാര്യം ചെയ്യുവാൻ പാകത്തിൽ ലളിതമായ യൂസർ ഇന്റർഫേസുകളും പ്രോസസ്സുകളുമാണ് റവന്യൂ സേവനങ്ങൾ ലഭ്യമാക്കുന്ന വെബ് പോർട്ടലുകളിലും മൊബൈൽ ആപ്ലിക്കേഷനുകളിലും തയാറാക്കിയിട്ടുള്ളത്. മൊബൈൽ ആപ്ലിക്കേഷനുകളിലൂടെയും വെബ് പോർട്ടലുകളിലൂടെയും ഓൺലൈൻ സേവനങ്ങൾ ഉപയോഗിക്കുന്നതിന് ബുദ്ധിമുട്ടുകൾ നേരിടുന്നവർക്ക് ആവശ്യമായ സഹായങ്ങൾ ചെയ്യുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരും കോമൺ സർവ്വീസ് സെന്ററുകളും സന്നദ്ധമാണ്. ഓൺലൈൻ സേവനങ്ങൾ ഉപയോഗിക്കുന്ന വിവിധ തലങ്ങളിൽപ്പെട്ട ജനവിഭാഗങ്ങളിൽ നിന്നും ലഭിക്കുന്ന അഭിപ്രായവും പ്രതികരണങ്ങളും അനുസരിച്ച് ബന്ധപ്പെട്ട സോഫ്റ്റ്‌വെയറുകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും വകുപ്പ് ശ്രദ്ധിക്കുന്നുണ്ട്. |
| (ബി) | എങ്കിൽ എന്തെല്ലാം പോരായ്മകളാണുള്ളതെന്നും ഇവ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ; | (ബി) | റവന്യൂ വകുപ്പിന്റെ ഇ-പേമെന്റ് ഉൾപ്പെടെയുള്ള ഡിജിറ്റൽ സേവനങ്ങളിൽ നിലവിൽ എന്തെങ്കിലും പോരായ്മകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്മാർട്ട് ഫോണുകളിലെ അടിസ്ഥാന സേവനങ്ങൾ ഉപയോഗിക്കുവാൻ കഴിയുന്നവർക്ക് അനായാസം കൈകാര്യം ചെയ്യുവാൻ പാകത്തിൽ ലളിതമായ യൂസർ ഇന്റർഫേസുകളും പ്രോസസ്സുകളുമാണ് റവന്യൂ സേവനങ്ങൾ ലഭ്യമാക്കുന്ന വെബ് പോർട്ടലുകളിലും മൊബൈൽ ആപ്ലിക്കേഷനുകളിലും തയാറാക്കിയിട്ടുള്ളത്. മൊബൈൽ ആപ്ലിക്കേഷനുകളിലൂടെയും വെബ് |

| | | | |
|---|---|---|---|
| | | | പോർട്ടലുകളിലൂടെയും ഓൺലൈൻ സേവനങ്ങൾ ഉപയോഗിക്കുന്നതിന് ബുദ്ധിമുട്ടുകൾ നേരിടുന്നവർക്ക് ആവശ്യമായ സഹായങ്ങൾ ചെയ്യുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരും കോമൺ സർവ്വീസ് സെന്ററുകളും സന്നദ്ധമാണ്. ഓൺലൈൻ സേവനങ്ങൾ ഉപയോഗിക്കുന്ന വിവിധ തലങ്ങളിൽപ്പെട്ട ജനവിഭാഗങ്ങളിൽ നിന്നും ലഭിക്കുന്ന അഭിപ്രായവും പ്രതികരണങ്ങളും അനുസരിച്ച് ബന്ധപ്പെട്ട സോഫ്റ്റ്‌വെയറുകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും വകുപ്പ് ശ്രദ്ധിക്കുന്നുണ്ട്. |
| (സി) | വൺടൈം സർട്ടിഫിക്കേഷൻ സംവിധാനം എന്താണെന്നും ഇതിന്റെ ഗുണം എന്താണെന്നും വ്യക്തമാക്കാമോ; | (സി) | ഭൂരേഖകൾ ഡിജിറ്റൈസ് ചെയ്ത് ഓൺലൈൻ പോക്കുവരവ് സാധ്യമാക്കിയിട്ടുള്ള എല്ലാ വില്ലേജുകളിലും 2017 മുതൽ ഇ-പേയ്മെന്റ് മുഖാന്തിരം ഓൺലൈൻ ആയി ഭൂനികുതി സ്വീകരിക്കുന്നതിനുള്ള സംവിധാനം നടപ്പിൽ വരുത്തിയിട്ടുണ്ട്. എന്നാൽ ഈ സംവിധാനം നടപ്പിലാക്കിയതിനു ശേഷം നാളിതുവരെ ഓൺലൈൻ ആയി ഭൂനികുതി ഒടുക്കുവരുത്താത്ത വ്യക്തികളുടെ വിവരം വില്ലേജ് അടിസ്ഥാനത്തിൽ ലിസ്റ്റ് ചെയ്യുകയും അവരുടെ ഭൂനികുതി കുടിശ്ശിക കണക്കാക്കി ഓൺലൈൻ ആയിത്തന്നെ ഭൂനികുതി ഒടുക്കുവരുത്തുന്നതിനുള്ള സാഹചര്യം ഒരുക്കുന്നതിനുള്ള പ്രവർത്തനമാണ് വൺടൈം സർട്ടിഫിക്കേഷൻ. ഈ സംവിധാനത്തിലൂടെ സംസ്ഥാനത്തിന് പിരിഞ്ഞു കിട്ടേണ്ട ഭൂനികുതി സംബന്ധിച്ച കണക്ക് ലഭ്യമാകുകയും, ടി വിവരം കക്ഷികളെ അറിയിച്ച് ഭൂനികുതി കുടിശ്ശിക പിരിവ് ഊർജിതമാക്കുവാനും സാധിക്കുന്നു. സർക്കാരിന്റെ നികുതി വരുമാനം കൂട്ടുന്നതിന് പുറമെ പരമാവധി ആളുകളെ ഇ-പേയ്മെന്റ് ഓൺലൈൻ പ്ലാറ്റ് ഫോമിലേക്ക് കൊണ്ടുവരാനും കൂടുതൽ സുതാര്യവും ലളിതവും ജനപങ്കാളിത്തം ഉറപ്പുവരുത്തികൊണ്ടുമുള്ള ഇ-ഗവേർണൻസ് പ്രവർത്തനമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നുണ്ട്. |
| (ഡി) | വില്ലേജ് ഓഫീസുകൾ മുഖേന സ്വീകരിച്ചിരുന്ന ഭൂനികുതി മൊബൈൽ ഫോൺ മുഖേന ഒടുക്കുന്നതിനുള്ള സൗകര്യം വന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (ഡി) | ഉണ്ട്. റവന്യൂ വെബ് പോർട്ടൽ മുഖാന്തിരവും, ഇ-സർവീസസ് മൊബൈൽ ആപ്ലിക്കേഷൻ വഴിയും മൊബൈൽ ഫോൺ മുഖേന ഭൂനികുതി ഒടുക്കുവരുത്താവുന്നതാണ്. |
| (ഇ) | റസിഡന്റ് ഡീറ്റെയിൽസ് മൊഡ്യൂൾ കൊണ്ടുദ്ദേശിക്കുന്നതെന്താണെന്നും ഏതെല്ലാം ജില്ലകളിൽ ഈ സംവിധാനം നടപ്പാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | (ഇ) | ഭൂമിയുടെ കൈവശാവകാശം സംബന്ധിച്ച് കൃത്യമായ രേഖകൾ ലഭ്യമല്ലാത്ത പൗരന്മാർക്ക് ഭൂനികുതി ഒടുക്കുന്നതിന് വേണ്ടി ഇ-പേയ്മെന്റ് സിസ്റ്റത്തിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനമാണ് "റസിഡന്റ് ഡീറ്റെയിൽസ് മൊഡ്യൂൾ". |

| | | | |
|---|---|---|---|
| | | | കൈവശാവകാശ രേഖകൾ ലഭ്യമല്ലാത്തത് കാരണം ഭൂനികുതി ഒടുക്കുവാൻ കഴിയാതിരിക്കുകയും, തന്മൂലം പൗരന് ലഭിക്കേണ്ട സർക്കാർ സേവനങ്ങളിൽ കാലതാമസം നേരിടുകയും ചെയ്ത സാഹചര്യത്തിലാണ് ഇത്തരമൊരു സംവിധാനം ഇ-പേയ്മെന്റ് സിസ്റ്റത്തിൽ ഉൾപ്പെടുത്തിയത്. ഇതിലൂടെ പൗരന്മാർക്ക് ലളിതമായ രീതിയിൽ കരം ഒടുക്കുന്നതിനും, അതുമായി ബന്ധപ്പെട്ട മറ്റ് സർക്കാർ സേവനങ്ങൾ ലഭിക്കുന്നതിനുമുള്ള സാഹചര്യം സംജാതമാകുന്നു. മാത്രവുമല്ല നികുതിയിനത്തിലുള്ള സർക്കാർ വരുമാനം വർദ്ധിപ്പിക്കുവാനും ഈ സംവിധാനത്തിലൂടെ സാധിക്കുന്നുണ്ട്. റസിഡന്റ് ഡീറ്റെയിൽസ് മൊഡ്യൂളിലൂടെ ഒരു വ്യക്തിയുടെ ഭൂനികുതി ഒടുക്കുവരുത്തി നൽകുന്നതിനോടൊപ്പം ടി വ്യക്തിക്ക് പ്രസ്തുത ഭൂമിയിന്മേലുള്ള കൈവശാവകാശം സംബന്ധിച്ച രേഖകളുടെ അന്വേഷണവും പരിശോധനയും സമാന്തരമായി നടത്തുന്നുണ്ട്. കൈവശാവകാശം സംബന്ധിച്ച രേഖ ലഭ്യമാകുന്ന മുറയ്ക്ക് ടി ഭൂമിയുടെ കൈവശാവകാശം സംബന്ധിച്ച വിവരം ലാൻഡ് റെക്കോർഡ്സ് സിസ്റ്റത്തിൽ ഉൾപ്പെടുത്തി റസിഡന്റ് ഡീറ്റെയിൽസ് മൊഡ്യൂളിലൂടെ നികുതി ഒടുക്കുന്നവരുടെ എണ്ണം കുറച്ചുകൊണ്ട് വരുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നുണ്ട്. ഭൂനികുതി ഒടുക്കുന്നതിന് വേണ്ടിയുള്ള ഇ-പേയ്മെന്റ് സിസ്റ്റത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള "റസിഡന്റ് ഡീറ്റെയിൽസ് മൊഡ്യൂൾ" സംസ്ഥാന വ്യാപകമായി നടപ്പിലാക്കിയിട്ടുള്ളതാണ്. കൃത്യമായ കൈവശാവകാശ രേഖകൾ ലഭ്യമല്ലാത്തവർക്ക് ഭൂനികുതി ഒടുക്കുവാൻ വേണ്ടി മാത്രമാണ് വില്ലേജുകളിൽ ഈ സംവിധാനം ഉപയോഗിക്കുന്നത്. |

സെക്ഷൻ ഓഫീസർ